# 35

# അയ്യായിരം പേരെ പോഷിപ്പിക്കൽ

## (14:13- 21)

പുരുഷാരത്തെ പോഷിപ്പിച്ചുകൊണ്ട്, തനിക്ക് ചെയ്യുവാൻ അസാദ്ധ്യമായത് ഒന്നുമില്ലാ എന്ന് യേശു തെളിയിച്ചു. ആ വസ്തുതക്ക് അവന്റെ ശിഷ്യന്മാർ ദൃക്സ്സാക്ഷികളായിരുന്നു എങ്കിലും ചിലപ്പോൾ അവരും സംശയിച്ചിരുന്നു. അത് തരണം ചെയ്യുവാൻ കഴിയാത്തതായിട്ടാണ് അവർ കണ്ടത്, എന്നാൽ യേശു കണ്ടത് ദൈവത്തിന്റെ ശക്തിയും തന്റെ ആളുകളോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നതുമായിട്ടാണ്.

### യേശുവിന്റെ പിൻവാങ്ങൽ (14:13, 14)

**13അതു കേട്ടിട്ട് യേശു അവിടം വിട്ടു പടകിൽ കയറി നിർജ്ജനമായോരു സ്ഥലത്തേക്കു വേറിട്ടു വാങ്ങിപ്പോയി; പുരുഷാരം അതു കേട്ടു പട്ടണങ്ങളിൽനിന്നും കാൽനടയായി അവന്റെ പിന്നാലെ ചെന്നു. 14അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി.**

**വാക്യം 13.** ആ സമയത്ത്, യോഹന്നാന്റെ മരണ പശ്ചാത്തലത്തിൽ നിന്ന് (14:3–12) യേശുവിന്റെ ശുശ്രൂഷയിലേക്കു കടക്കയാണ്. ഈ വാക്യങ്ങൾ തമ്മിലുള്ള കാല നിർണയ ബന്ധം അജ്ഞാതമാണ്. എൻഎഎസ്സ്ബിയുടെ വാക്യം 13 തുടങ്ങുന്നത്, **യോഹന്നാനെക്കുറിച്ച് യേശു കേട്ടപ്പോൾ** എന്നു പറഞ്ഞുകൊണ്ടാണ്. "യോഹന്നാനെ കുറിച്ച്" എന്ന രണ്ട് വാക്കുകൾ ഗ്രീക്ക് വേദപുസ്തകത്തിൽ കാണുന്നില്ല, എന്നാൽ തർജ്ജിമക്കാർ കൂട്ടിച്ചേർത്തതാണ്. ആ കൂട്ടിച്ചേർത്തത് ശരിയാണെങ്കിൽ, അദ്ധ്യായത്തിലെ ശേഷം ഭാഗങ്ങൾ മുമ്പ് സംഭവിച്ച പശ്ചാത്തലമായി തീരുന്നു. യേശുവിനെക്കുറിച്ചുള്ള ഹെരോദാവിന്റെ വിലയിരുത്തൽ നടക്കുന്നതിനു മുമ്പ് യോഹന്നാന്റെ ശിരഛേദം സംഭവിച്ചിരുന്നു (14:1, 2). യോഹന്നാന്റെ മരണത്തെക്കുറിച്ചുള്ള വേദനിക്കുന്ന പ്രതികരണമാകാം യേശുവിനെ പിൻവലിയുവാൻ പ്രേരിപ്പിച്ചത്.

യേശു യോഹന്നാൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റവനാണെന്ന് ഹെരോദാവ് വിശ്വസിച്ചതുകൊണ്ടും ആകാം എന്നും മത്തായി പറഞ്ഞിരിക്കുന്നതിനു സാദ്ധ്യതയുണ്ട് (14:1, 2). 14:3–12 ലേക്ക് കൂട്ടിച്ചേർത്ത പശ്ചാത്തലം വച്ചുകൊണ്ട് വേണം നാം വേദഭാഗം മനസിലാക്കാൻ. യേശുവിനെക്കുറിച്ച് ഹെരോദാവ് നടത്തിയ പ്രതികരണം അനുസരിച്ചാകാം യേശു പിൻവാങ്ങിപോയത്. മർക്കൊസ് 6 ഉം ലൂക്കൊസ് 9 ഉം താരതമ്യം ചെയ്താൽ ആ കാല നിർണയ വാക്യം ശരിയാണെന്ന് ബോധ്യമാകും. അതിനു പുറമേ, യേശുവിന്റെ പിൻവാങ്ങലിനു മർക്കോസും ലൂക്കോസും മറ്റൊരു കാരണവും നൽകുന്നു: പരിമിത ആജ്ഞ നിർവഹിച്ച് മടങ്ങിവരുന്ന പന്തിരുവർക്ക് വിശ്രമം ആവശ്യമായിരുന്നു (മർ. 6:30, 31; ലൂക്കൊ. 9:10).

മുൻ അദ്ധ്യായത്തിൽ യേശു തന്റെ പിതൃദേശമായ നസ്രെത്തിൽ ശുശ്രൂഷ ചെയ്യുകയായിരുന്നു (13:54–58). തന്റെ ശുശ്രൂഷക്കായി അവൻ ഗലീലാ കടൽക്കരയിലേക്ക് മടങ്ങിവന്നു. അവനെക്കുറിച്ചുള്ള ഹെരോദാവിന്റെ കാഴച്ചപ്പാട് കേട്ട്, യേശു അവിടം വിട്ട് **പടകിൽ കയറി തനിച്ച് മറ്റൊരു സ്ഥലത്തേക്കു പോയി**. "തനിയേ" എന്ന പ്രയോഗത്താൽ അവൻ തന്നോടു കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാരെ ഒഴിവാക്കി എന്ന് ധരിക്കരുത് (മർ. 6:31, 32; ലൂക്കൊ. 9:10). "ഏകാന്തസ്ഥലം" എന്നത് തർജിമ ചെയ്തിരിക്കുന്നത് (*യെരെമോൺ റ്റോപ്പോൺ*) എന്നാണ്. യേശു പോയത് ഒരു നിർജ്ജന പ്രദേശത്തേക്കായിരുന്നു, എന്നാൽ "മരുഭൂമി,"യിലേക്കായിരുന്നില്ല. അവിടെ ധാരാളം പുല്ലുണ്ടായിരുന്നു എന്നാണ് സൂചന (14:19; മർ. 6:39).

ലൂക്കൊസ് പറഞ്ഞതനുസരിച്ച് യേശുവും ശിഷ്യന്മാരും ബേത്ത്സയിദയുടെ അടുത്തേക്കാണ് പോയത് (ലൂക്കൊ. 9:10). എങ്ങനെയായാലും, മർക്കൊസിൽ അത്ഭുതകരമായ പോറ്റലിനു*ശേഷം* "ബേത്ത്സയിദയുടെ മറുകരയിലേക്ക്" യേശു ശിഷ്യന്മാരെ അയച്ചു (മർ. 6:45). ഒരു പക്ഷേ, യേശുവിന്റെ സമയത്ത് ആ പേരിൽ ഒന്നിലധികം സ്ഥലങ്ങൾ ഉണ്ടായിരുന്നേക്കാം, അർത്ഥം "മീൻപിടിക്കുന്ന ഭവനം" അല്ലെങ്കിൽ "മുക്കുവന്റെ ഭവനം." ലൂക്കൊസിൽ വിവരിച്ച ബേത്ത്സയിദ തടാകത്തിന്റെ വടക്കു കിഴക്കായി സ്ഥിതിചെയ്തിരുന്നു, എന്നാൽ മർക്കൊസിൽ പറഞ്ഞിരിക്കുന്നത്, വടക്കുപടിഞ്ഞാറായി കഫർന്നഹൂമിനടുത്തുള്ളതായിരിക്കാം (യോഹ. 6:17). ജോസെഫസ് തിരിച്ചറിഞ്ഞ ബേത്ത്സയിദ (യൂലിയാസ്) വടക്കേ കരയിലുള്ളതാണ്, അത് തടാകത്തിലേക്ക് യോർദ്ദാൻ പ്രവേശിക്കുന്നതിന്റെ കിഴക്കായിരുന്നു.[1]

ഈ ബേത്ത്സയിദ ഇടപ്രഭുവായിരുന്ന ഫിലിപ്പോസിന്റെ വാഴ്ച്ചയിലായിരുന്നു, അതിനാൽ ഹെരോദാവ് ചില ഔദാര്യം ചെയ്തുകൊടുത്തിരുന്നു.[2] എന്നാൽ യേശു മനപൂർവമായി അപകടം ഒഴിവാക്കുകയായിരുന്നു, അവൻ അങ്ങനെ ചെയ്തത് ഭയം നിമിത്തമായിരുന്നില്ല. ആ അദ്ധ്യായത്തിന്റെ അവസാനം, അവൻ ഗലീലയിലെ ഗെന്നെസരെത്തിലേക്ക് മടങ്ങിവന്നു (14:34), അത് ഹെരോദാവിന്റെ നിയന്ത്രണത്തിലായിരുന്നു.

യേശു തന്റെ ദൗത്യത്തെ ശ്രദ്ധിച്ചിരുന്നു, ശരിയായ സമയത്ത് അവയെല്ലാം പൂർത്തിയാക്കുവാൻ അവന് അറിയാമായിരുന്നു. മറ്റൊരു സന്ദർഭത്തിൽ, ഹെരോദാവ് അവനെ കൊല്ലുവാൻ ആലോചിക്കുന്നതായി ചില പരീശന്മാർ യേശുവിനെ അറിയിച്ചിരുന്നു (ലൂക്കൊ. 13:31). അവൻ രാജാവിന്റെ അടുക്കൽ ആളയച്ചു, പറയിപ്പിച്ചു, "നിങ്ങൾ പോയി ആ കുറുക്കനോട്: 'ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കയും ചെയ്യും' " (ലൂക്കൊ. 13:32). അത് വ്യക്തമായും അവന്റെ മരണത്തെ മുന്നറിയിക്കുന്നതായിരുന്നു, യെരുശലേമിൽ സംഭവിക്കയും ചെയ്യുമായിരുന്നു (ലൂക്കൊ. 13:33).

യേശു പടകിൽ കയറി അക്കരെക്കു പോകുന്നു എന്നു ജനം **മനസിലാക്കിയപ്പോൾ, പട്ടണങ്ങളിൽ** നിന്നു അവർ വടക്കേ തീരത്തുകൂടെ അക്കരെക്കു **നടന്നു പോയി**. "രോഗികളുടെ മേൽ അത്ഭുതകരമായി അവൻ സൗഖ്യം വരുത്തിയ അടയാളം കണ്ടതുകൊണ്ടായിരുന്നു" ആളുകൾ അവനെ പിൻപറ്റിയത് (യോഹ. 6:2). യേശുവിന്റെ അടുക്കലെത്തുവാൻ അവർക്ക് തടസങ്ങളൊന്നും പ്രശ്നമായിരുന്നില്ല.

**വാക്യം 14**. പടക് എത്തിചേർന്ന ശേഷം, യേശു **കരയിലേക്ക്** പോകുകയും

**ധാരാളം പുരുഷാരത്തെ** അവിടെ കാണുകയും ചെയ്തു. യേശു അവിടെ എത്തുന്നതിനു മുമ്പ്തന്നെ നടന്ന് ചിലർ അവിടെ എത്തിയിരുന്നു. യേശുവിന് പുരുഷാരത്തോട് **മനസലിവ് തോന്നിയിരുന്നു** (നോക്കുക. 9:36; 15:32; 20:34). അവന്റെ ഹൃദയം അവരോട് ചായുവാൻ കാരണം "അവർ ഇടയനില്ലാത്ത ആടുകളെപോലെയായിരുന്നു" (മർക്കോ. 6:34). അവന്റെ അനുകമ്പയുടെ ഫലമായിട്ടായിരുന്നു, അവൻ **രോഗികളെ സൗഖ്യമാക്കിയത്**.

## യേശു പുരുഷാരത്തെ പോഷിപ്പിക്കുന്നു (14:15-21)

**[15]വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: "ഈ
സ്ഥലം മരുഭൂമിയല്ലോ, നേരവും വൈകി; പുരുഷാരം ഗ്രാമങ്ങളിൽ പോയി
ഭക്ഷണസാധനം കൊള്ളേണ്ടതിനു അവരെ പറഞ്ഞയക്കേണം എന്നു പ
റഞ്ഞു." [16]യേശു അവരോടു: "അവർ പോകുവാൻ ആവശ്യമില്ല; നിങ്ങൾ
അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു പറഞ്ഞു." [17]അവർ അവനോട്:
"അഞ്ചു അപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല
എന്നു പറഞ്ഞു." [18]"അതു ഇങ്ങു കൊണ്ടുവരുവിൻ എന്നു അവൻ പറഞ്ഞു."
[19]പിന്നെ പുരുഷാരം പുല്ലിന്മേൽ ഇരിപ്പാൻ കല്പിച്ചു; ആ അഞ്ചു അപ്പവും
രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി,
ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. [20]എല്ലാ
വരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു.
[21]തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യാ
യിരം പുരുഷന്മാർ ആയിരുന്നു.**

അഞ്ചു അപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച ഏക അത്ഭുതമാണ് നാല് സുവിശേഷങ്ങളിലും വിവരിച്ചിരിക്കുന്നത് (14:15–21; മർ. 6:35–44; ലൂക്കൊ. 9:12–17; യോഹ. 6:5–14). സുവിശേഷ എഴുത്തുകാർക്ക് അതിലുള്ള പ്രാധാന്യമാണ് അതു വ്യക്തമാക്കുന്നതു. നാലായിരം പേരെ പോഷിപ്പിച്ചത് മത്തായിയിലും മർക്കൊസിലും മാത്രമാണ് പറഞ്ഞിരിക്കുന്നത് (15:32–39; മർ. 8:1–9).

ആളുകളെ അത്ഭുതകരമായി പോറ്റും എന്നതിനായിരുന്നു മശിഹ വരുമ്പോൾ അവർ കാത്തിരുന്നതെന്ന് ഒരു യെഹൂദ പാരമ്പര്യം പറയുന്നു.[3] മോശെ പറഞ്ഞ പ്രവാചകൻ താൻ തന്നെ എന്നു യേശു അപ്പം വർദ്ധിപ്പിച്ചു കാണിച്ചുകൊടുത്തു (ആവ. 18:15, 18; യോഹ. 6:14). മോശെയുടെ കാലത്ത്, ദൈവം തന്റെ ജനത്തെ അത്ഭുതകരമായി മന്നാ കൊണ്ടു പോഷിപ്പിച്ചിരുന്നു (പുറ. 16:1–36).[4] യേശു ഭൗതികമായി മാത്രമല്ല ആഹാരം നൽകിയത്, പിന്നെയോ, ആത്മിയമായി സ്വർഗത്തിൽനിന്നുള്ള ജീവന്റെ അപ്പവും അവൻ നൽകി. ആ വിഷയം യോഹന്നാന്റെ സുവിശേഷവിവരണത്തിൽ യേശുവിന്റെ പ്രസംഗമായി വിവരിച്ചിട്ടുണ്ട് (യോഹ. 6:26–59).

പ്രാരംഭ സഭയുടെ കലാരൂപത്തിലെല്ലാം അപ്പവും മീനും നിറഞ്ഞു നിന്നിരുന്നു. ദൈവം മരുഭൂമിയിൽ ആളുകൾക്ക് മന്നാ കൊടുത്തു ജീവൻ നിലനിർത്തിയതിനെ അവർ ഓർക്കുകയും, അവസാനം മശിഹ വരുമ്പോൾ ലഭിക്കുന്ന മഹാ വിരുന്നിനായി ആ ക്രിസ്ത്യാനികൾ കാത്തിരിക്കയും ചെയ്തി

രുന്നു (വെളി. 2:17).[5]

**വാക്യം 15**. ശിഷ്യന്മാരുമായി വിശ്രമിക്കുവാൻ ആദ്യം പദ്ധതിയിട്ടിരുന്നു എങ്കിലും, യേശു ആ ദിവസം മുഴുവൻ രോഗികളെ സൗഖ്യമാക്കുകയും പുരുഷാരത്തെ ഉപദേശിക്കുകയും ചെയ്തു (14:14; മർ. 6:34). **വൈകുന്നേരം** ആയപ്പോൾ ആളുകളെ പറഞ്ഞയക്കുവാൻ **ശിഷ്യന്മാർ** അവനോട് ആവശ്യപ്പെട്ടു. അവർ ഇരുന്നിരുന്നത് ഒരു **ഏകാന്ത സ്ഥലത്തായിരുന്നു**. അതായത് ജനവാസമില്ലാത്ത സ്ഥലം (14:13 ന്റെ പരാമർശം നോക്കുക). കൂടാതെ, വൈകുന്നേരത്തെ **ഭക്ഷണ സമയവും** കഴിഞ്ഞിരുന്നു. **പുരുഷാരത്തിനു** ആവശ്യമുള്ള **ഭക്ഷണം വാങ്ങുവാൻ** ദൂരെയുള്ള **ഗ്രാമങ്ങളിലേക്ക്** പോകേണ്ടിയിരുന്നു. പുരുഷാരത്തെ കുറിച്ചുള്ള ശിഷ്യന്മാരുടെ കരുതൽ ആത്മാർത്ഥതയുള്ളതായിരുന്നു എന്നു തോന്നുന്നു. പുരുഷാരം വലിയ തയ്യാറെടുപ്പോ മതിയായ ആഹാരമോ കൂടാതെയായിയിരുന്നു വന്നതു. അപ്പോഴേക്കും അവർക്ക് വിശപ്പ് പിടിച്ചുകാണും. ശിഷ്യന്മാർക്കും വിശപ്പു തുടങ്ങിയിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

**വാക്യം 16**. യേശു ശിഷ്യന്മാരോട് "**പോകുവാൻ ആവശ്യമില്ല. നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ!**"എന്നു പറഞ്ഞപ്പോൾ അവർ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയിരിക്കും. യോഹന്നാന്റെ സുവിശേഷപ്രകാരം, യേശു ഫിലിപ്പൊസിനോട്, "അവർ ഭക്ഷിക്കേണ്ടതിന്, അവർക്ക് എവിടെനിന്നു ഭക്ഷണം വാങ്ങും?" എന്നു ചോദിച്ചു (യോഹ. 6:5). ഒരു വിശദീകരണ കുറിപ്പും ചേർത്തിരിക്കുന്നു: "ഇതു അവനെ പരീക്ഷിപ്പാനത്രെ ചോദിച്ചത്. താൻ എന്തു ചെയ്യാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു" (യോഹ. 6:6). ഫിലിപ്പൊസ് ഒരുപക്ഷെ പുരുഷാരത്തെ ഏകദേശം എണ്ണുകയും അവർക്ക് മതിയായ ഭക്ഷണം വാങ്ങുവാൻ അവരുടെ കയ്യിൽ പണവുമില്ല എന്നു കരുതിയിരുന്നു (യോഹ. 6:7). മർക്കൊസ് 6:37 അതനുസരിച്ച്, ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു, "ഞങ്ങൾ പോയി ഇരുന്നൂറു വെള്ളിക്കാശിന്നു അപ്പം കൊണ്ടിട്ട് അവർക്ക് തിന്മാൻ കൊടുക്കയോ ...?" ഒരു ദിനാർ ഒരാളുടെ ഒരു ദിവസത്തെ വേതനമായിരുന്നതിനാൽ (20:2), ഒരു ജോലിക്കാരന് ഒരു വർഷത്തിൽ കിട്ടുന്നതിന്റെ മൂന്നിൽ രണ്ടുഭാഗം ശമ്പളമായിരുന്നു അത്.

ഫിലിപ്പൊസിന്റെ വിചാരം ന്യായീകരിക്കാവുന്നതും അവന്റെ ആവേശം ഊഹിക്കാവുന്നതുമായിരുന്നു. യേശുവിലുള്ള അവന്റെ വിശ്വാസക്കുറവ് ഒഴികഴിവില്ലാത്തതുമായിരുന്നു. യേശുവിനു കഴിയാത്തത് ഒന്നുമില്ലായിരുന്നു. ശിഷ്യന്മാർ അവന്റെ ശക്തി പല സന്ദർഭങ്ങളിലും കണ്ടിരുന്നു എങ്കിലും അവർക്ക് സംശയമായിരുന്നു. പരിഹരിക്കുവാൻ കഴിയാത്ത ഒരു പ്രശ്നമായി അവർ അതിനെ കണ്ടപ്പോൾ, ദൈവത്തിന്റെ ശക്തിയും ജനത്തോടുള്ള തന്റെ സ്നേഹവും പ്രദർശിപ്പിക്കുവാനുള്ള ഒരു അവസരമായിട്ടായിരുന്നു അവൻ അതിനെ കണ്ടത്.

**വാക്യങ്ങൾ 17, 18**. യേശു അപ്പൊസ്തലന്മാരോട് ചോദിച്ചു, "നിങ്ങൾക്ക് എത്ര അപ്പം ഉണ്ട്? ചെന്നു നോക്കുവിൻ" (മർ. 6:38). **അഞ്ച് അപ്പവും രണ്ട് മീനും** ഉള്ളതായി **അവർ അവനോട്** പറഞ്ഞു. യേശു പ്രതികരിച്ചു, "**കൊണ്ടുവരുവിൻ.**" ഒരു ബാലന്റെ കയ്യിലുണ്ടായിരുന്ന "അഞ്ചു അപ്പവും രണ്ടു മീനും" ശീമോൻ "പത്രൊസിന്റെ സഹോദരനായ അന്ത്രെയൊസ്" അത് യേശുവിന്റെ കയ്യിൽ കൊടുത്തു. എങ്ങനെയായാലും, "അതു ഇത്രയും പേർക്ക് എന്തുള്ളു? എന്നു സംശയിച്ച ഫിലിപ്പൊസും അവനോട് ചേർന്നിരുന്നു" (യോഹ 6:8, 9).

അപ്പവും മീനും ഗലീലയിലെ സാധാരണക്കാരുടെ ഭക്ഷണമായിരുന്നു (7:9, 10). അവ പ്രാതലിനും കഴിച്ചിരുന്നു (യോഹ. 21:9-13). ഈ കാര്യത്തിൽ, ആ ബാലന്റെ അപ്പം ബാർലി കൊണ്ടുണ്ടാക്കിയതായിരുന്നു (യോഹ. 6:9). കോതമ്പ് കൊയ്യുന്നതിനു മുൻപ് വസന്തകാലത്താണ് ബാർലി കൊയ്യുന്നത് (രൂത്ത് 2:23). കോതമ്പിനേക്കാൾ വില കുറഞ്ഞ ധാന്യമായിരുന്നു ബാർലി (വെളി. 6:6) അതുകൊണ്ട് അത് ഭക്ഷിച്ചിരുന്നത് വളരെ ദരിദ്രരായവരായിരുന്നു. ചെറിയ വട്ടത്തിൽ റൊട്ടി പോലെയുള്ളതായിരുന്നു "അപ്പം." മീൻ ഗലീലാ കടലിൽനിന്നു പിടിച്ച ചെറിയ മൽസ്യമായിരുന്നു. എന്നാൽ സംക്ഷിപ്ത സുവിശേഷങ്ങളിൽ "മീൻ" (*ഇച്ച്തൂസ്*), യോഹന്നാൻ ഉപയോഗിച്ചത് ചെറിയ വാക്കായ *ഒപ്സാരിയോൺ* ആണ്.

യേശു നടത്തിയ അത്ഭുതത്തിൽ പാചകം ചെയ്ത കറികളോ, അസാധാരണ പഴങ്ങളോ, വീഞ്ഞോ ഒന്നുമില്ലായിരുന്നു. അത്യാവശ്യ സന്ദർഭത്തിൽ നിരാശരായവർക്ക് ദൈവം കരുണാപൂർവ്വം ആവശ്യം നിറവേറ്റും എന്നു കാണിക്കുന്നതായിരുന്നു ആ ഭക്ഷണം നൽകൽ (6:25-34 നോക്കുക). മരുഭൂമിയിൽ, തന്റെ ശിഷ്യന്മാർക്ക് ഒരു നേരത്തെ ആഹാരം നൽകുവാൻ മശിഹയായ യേശുവിനു കഴിയുമെന്ന ആശയമാണ് വ്യക്തമാക്കുന്നത്.[6]

**വാക്യം 19. പുരുഷാരത്തോട് പുല്ലിൽ ഇരിക്കുവാൻ** യേശു പറഞ്ഞു. അത് സംഘടിതമായി നടപ്പാക്കിയത് അവന്റെ ശിഷ്യന്മാരായിരുന്നു (ലൂക്കൊ. 9:14, 15). "ഇരിക്കുക" (*അനാക്ലിനോ*) കൂടുതൽ അക്ഷരികമായി തർജിമ ചെയ്യാവുന്നത് ഒരാൾ ഭക്ഷണത്തിനിരിക്കുമ്പോൾ "ചരിഞ്ഞ് ഇരിക്കുക" എന്നതാണ് (8:11). പുല്ല് പച്ചനിറത്തിലായിരുന്നു (മർ. 6:39), അത് വസന്തകാലത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്നു. പെസഹ അടുത്തിരിക്കുന്നു എന്ന് സ്ഥിരീകരിക്കുന്നതാണ് അത് (യോഹ. 6:4). "അവർ നൂറും അമ്പതും വീതമായി നിരനിരയായി ഇരുന്നു" (മർ. 6:40). മർക്കൊസ് ഉപയോഗിച്ച "സംഘം" (*പ്രാസിയായി പ്രാസിയായി*) അക്ഷരികമായി, "നിരനിരയായി" എന്നർത്ഥം, അത് വ്യക്തമാക്കുന്നത് ഒരു തോട്ടത്തിലെന്നപോലെ നൂറും അമ്പതും ആയി നിരനിരയായി ഇരുന്നു എന്നാണ്.

ആളുകൾ പുല്ലിൽ ഇരുന്ന ശേഷം, യേശു പുരുഷാരത്തിന്റെ ആതിഥേയനായി മാറി. ആളുകളെല്ലാവരും കാൺകെ, **അവൻ ആ അപ്പവും മീനും എടുത്ത് സ്വർഗത്തിലേക്ക് നോക്കി വാഴ്ത്തി**. സ്വർഗത്തിലേക്ക് നോക്കുന്നത് യെഹൂദന്മാരുടെ പ്രാർത്ഥനാ രീതി ആയിരുന്നു (സങ്കീ. 121:1; 123:1, 2; 141:8; ലൂക്കൊ. 18:13; യോഹ. 11:41; 17:1). "അവൻ അപ്പം വാഴ്ത്തി" എന്നതിനർത്ഥം ദൈവത്തോട് "സ്തോത്രം ചൊല്ലി" എന്നു മാത്രമാണ് (എൻഐവി). അതിന്റെ ഉള്ളടക്ക വസ്തുവിനെ അവൻ മാറ്റിയില്ല; അവൻ അതിനെ വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തത്. അപ്പത്തെ യെഹൂദന്മാർ സാധാരണ വാഴ്ത്തിയിരുന്നത് ഇങ്ങനെയായിരുന്നു, "ഭൂമിയിൽനിന്നു അപ്പം നൽകുന്ന പ്രപഞ്ചത്തിന്റെ രാജാവായ യഹോവയായ ദൈവം വാഴ്ത്തപ്പെട്ടവൻ."[7]

അപ്പം നുറുക്കുകയും മീൻ ഭാഗിക്കുകയും ചെയ്തു (മർ. 6:41), യേശു ശിഷ്യന്മാർക്ക് കൊടുക്കുകയും, അവർ അത് പുരുഷാരത്തിനു കൊടുക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട സംഭവം ചുരുങ്ങിയതും അമ്പരപ്പിക്കുന്നതുമാണ്. അപ്പത്തെയും മീനിനെയും വർദ്ധിപ്പിച്ചതിനെ കുറിച്ച് ഏതാനും വാക്കുകൾ മാത്രമാണ് പറഞ്ഞത്. വില്യം ഹെൻഡ്രിക്സൺ അഭിപ്രായപ്പെട്ടത് "ഈ അത്ഭുതം പുറമെ പ്രകടിപ്പിക്കുന്നതിനേക്കാൾ അന്തർലീനമാക്കുന്നതാ

ണെന്ന് ഒരാൾ പറഞ്ഞേക്കാം"[8] എന്നാണ്.

മറ്റൊരു സന്ദർഭത്തിലാണെങ്കിൽ, ("എടുത്തു," "വാഴ്ത്തി," "നുറുക്കി," "കൊടുത്തു") എന്ന പ്രയോഗം കർത്തൃമേശ സ്ഥാപിക്കുമ്പോഴും ഉപയോഗിച്ചിരിക്കുന്നു (26:26; മർ. 14:22; ലൂക്കൊ. 22:19; 1 കൊ. 11:23, 24). യെഹൂദ കുടുംബത്തിലെ ഓരോ അപ്പനും ഓരോ ദിവസവും ചെയ്തുകൊണ്ടിരുന്നതിനെ ഓർമ്മിപ്പിക്കുന്നതായിരുന്നു യേശുവിന്റെ പ്രവൃത്തികൾ. അവൻ അപ്പം എടുത്ത്, ദൈവം നൽകിയ ദാനമായ ആഹാരത്തിന് നന്ദി പറഞ്ഞശേഷം, നുറുക്ക് ഓരോ കഷണം ഭക്ഷിപ്പാനായി നൽകും.[9]

**വാക്യം 20. അവരെല്ലാം തിന്നു തൃപ്തരായി**. അവർക്ക് ഭക്ഷിപ്പാൻ ആവശ്യമായതു നൽകി എന്നുമാത്രമല്ല, വയറു നിറയെ ഭക്ഷിച്ചു. അതിഥികൾ വന്നാൽ ആഹാരം അവർ ഭക്ഷിക്കുക മാത്രമല്ല, ഭക്ഷിച്ച് ശേഷിക്കണമെന്ന ഒരു പൊതുവിശ്വാസം പുരാതന മദ്ധ്യധരണ്യാഴിക്കരയിലുള്ളവർക്കുണ്ടായിരുന്നു.[10] യോഹന്നാൻ 6:12 പറയുന്നു "അവർക്ക് തൃപ്തിയായശേഷം, അവൻ ശിഷ്യന്മാരോട്, ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ എന്നു പറഞ്ഞു." **അപ്പത്തിൽ നിന്നു തിന്നുശേഷിച്ച കഷണം അവർ ശേഖരിച്ചു പന്ത്രണ്ടു കൊട്ട നിറെച്ചെടുത്തു.**

"കുട്ട" എന്നതിനു ഇവിടെ ഉപയോഗിച്ച വാക്ക് (*കോഫിനോസ്*) നാലായിരം പേരെ പോഷിപ്പിച്ചപ്പോൾ ഉപയോഗിച്ചതിൽനിന്നു വ്യത്യസ്തമായിരുന്നു (15:37). ജാതികളിൽനിന്നു ഭക്ഷണം വാങ്ങാതിരിപ്പാൻ യെഹൂദന്മാർ യാത്രക്ക് ഭക്ഷണം കൊണ്ടുപോകുവാനുപയോഗിച്ചിരുന്ന ചെറിയ കുട്ടയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.[11] യേശു നാലായിരം പേരെ പോഷിപ്പിച്ച സംഭവത്തിൽ ഉപയോഗിച്ച "കുട്ട" എന്ന വാക്കിനുപയോഗിച്ചത് (*സ്പുറിസ്*), അത് ഒരാളെ കൊള്ളിക്കാവുന്നതാണ്, അത്തരം ഒരു കുട്ടയിലാണ് ക്രിസ്ത്യാനികൾ പൗലൊസിനെ ദമസ്ക്കൊസിലെ മതിൽ വഴിയായി ഇറക്കി വിട്ടത് (പ്രവൃ. 9:25). എങ്ങനെയായാലും, കുട്ടകൾ തമ്മിലുള്ള വ്യത്യാസം വലിപ്പത്തിലല്ല, മറിച്ച് അവ ഉണ്ടാക്കിയ വസ്തുക്കളിലാണ് എന്ന് ലിയോൺ മോറിസ് വാദിക്കയുണ്ടായി. അയാളുടെ അഭിപ്രായം *കോഫിനോസ്* വളരെ ഇടുങ്ങിയതും ഒരുപക്ഷെ വള്ളികൊണ്ടുണ്ടാക്കിയതുമാകാം, എന്നാൽ സ്പുറിസ് ചണനൂൽകൊണ്ടുണ്ടാക്കിയതിനാൽ, കൂടുതൽ വഴങ്ങുന്നതുമായിരിക്കാം.[12]

"പന്ത്രണ്ട്" എന്ന സംഖ്യ നമ്മെ യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും പന്ത്രണ്ട് അപ്പൊസ്തലന്മാരെയുമാണ് ഓർപ്പിക്കുന്നത്. അവർക്ക് മുൻപിലുണ്ടായിരുന്ന പുരുഷാരം പുതിയ യിസ്രായേലിനെയാണ് പ്രതിനിധീകരിക്കുന്നത്. ദൈവം യിസ്രായേലിനെ ആ ഏകാന്തസ്ഥലത്ത് അത്ഭുതകരമായി പോഷിപ്പിച്ചതുപോലെ, പുതിയ യിസ്രായേലിനെ ഏകാന്ത സ്ഥലത്ത് യേശു പോഷിപ്പിക്കും. ശേഷിച്ച കഷണങ്ങളെല്ലാം അവർ ശേഖരിച്ച ശേഷം, ദൈവത്തിന്റെ അനുഗ്രഹങ്ങളെ പാഴാക്കി കളയരുതെന്ന പാഠം യേശു ശിഷ്യന്മാരെ പഠിപ്പിച്ചു (ലൂക്കൊ. 15:13).

**വാക്യം 21.** അന്നു കൂടിവന്ന പുരുഷാരം വളരെ ആയിരുന്നു: **സ്ത്രീകളെയും കുട്ടികളെയും കൂടാതെ പുരുഷന്മാരുടെ എണ്ണം മാത്രം അയ്യായിരം ആയിരുന്നു**. പുരാതന കാലത്ത് പുരുഷന്മാരുടെ മാത്രമെ എണ്ണം കണക്കാക്കിയിരുന്നുള്ളു. എണ്ണം എടുക്കുമ്പോൾ, ഇരുപതുവയസിനു മുകളിലുള്ള പുരുഷന്മാരെ മാത്രമെ കണക്കിലെടുക്കയുള്ളു-കണക്കെടുക്കുമ്പോൾ-യുദ്ധം ചെയ്യുവാൻ കഴിവുള്ളവരെയാണ് എണ്ണിയിരുന്നത് (സംഖ്യ. 1:2, 3). ഒരു

റോമൻ ലെഗ്യോനിൽ ഉള്ളത്ര ആളുകൾ, അതായത് അയ്യായിരം പേരെയാണ് യേശു പോഷിപ്പിച്ചത്. അവന്റെ പ്രവൃത്തികളെ ആളുകൾ വ്യാഖ്യാനിച്ചത്-വിശപ്പുള്ളവർക്ക് ആഹാരം നൽകുന്നതും, രോഗികളെ സൗഖ്യമാക്കുന്നതും-യുദ്ധത്തിന് വലിയ മുതൽകൂട്ടായിട്ടാണ്. അത്തരത്തിലുള്ള അവരുടെ ചിന്തയാണ്, അവനെ "പിടിച്ച് നിർബ്ബന്ധിച്ച് രാജാവാക്കുവാൻ ശ്രമിച്ചത്" (യോഹ. 6:15).

## പാഠങ്ങൾ

**അയ്യായിരം പേരെ പോഷിപ്പിക്കൽ (14:15-21)**

അയ്യായിരം പേരെ പോഷിപ്പിച്ചതും നാലായിരം പേരെ പോഷിപ്പിച്ചതുമായി നൽകിയ വിവരങ്ങൾ ഒന്നു തന്നെയാണെന്നും അവ രണ്ടു വ്യത്യസ്ത സംഭവങ്ങളായി വിവരിച്ചത് ദുരുപയോഗിച്ചതാണെന്നും വിമർശകരായ പണ്ഡിതന്മാർ അവകാശപ്പെടുന്നു. പക്ഷെ രണ്ട് അത്ഭുതങ്ങളും നന്നായി മനസിലാക്കിയാൽ അത് വാസ്തവമല്ലെന്നു തെളിയും.

1. *വ്യത്യസ്ത സന്ദർഭങ്ങൾ.* രണ്ടു അത്ഭുതങ്ങൾക്കുമിടയിൽ എത്ര സമയ വ്യത്യാസമുണ്ടെന്നു പറയുക സാധ്യമല്ല, എന്നാൽ അതു രണ്ടും വ്യത്യസ്ത സ്ഥലങ്ങളിൽ നടന്നതാണ്. "പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ" എന്ന മുന്നറിയിപ്പ് യേശു ശിഷ്യന്മാർക്ക് നൽകിയപ്പോൾ, രണ്ട് സംഭവങ്ങളുടേയും വ്യത്യാസം വ്യക്തമാക്കുകയായിരുന്നു (16:9, 10).

2. *വ്യത്യസ്തമായ സ്ഥലങ്ങൾ*. അയ്യായിരം പേരെ പോഷിപ്പിച്ചത് ബെത്ത്സയിദക്ക് അടുത്തായിരുന്നു (ലൂക്കൊ. 9:10) അവിടെ ഉണ്ടായിരുന്നവർ അധികവും ഗലീലയിൽനിന്നുള്ള യെഹൂദന്മാരായിരുന്നു. നാലായിരം പേരെ പോഷിപ്പിച്ചത് ദെക്കപ്പൊലിയിൽ വെച്ചായിരുന്നു (മർ. 7:31; 8:1-9), ആ പ്രദേശത്ത് അധികവും ജാതികളാണ് താമസിച്ചിരുന്നത് എന്നതിനാൽ അവിടെ ആ കൂട്ടത്തിൽ യെഹൂദന്മാർ-അല്ലാത്തവരും ഉണ്ടായിരുന്നു.

3. *വ്യത്യസ്തമായ കാലയളവ്.* അയ്യായിരം പേർ ഒരു ദിവസം യേശുവിനോടുകൂടെ ആയിരുന്നു (14:15, 23), എന്നാൽ നാലായിരം പേർ മൂന്നു ദിവസം യേശുവിനോടുകൂടെ ആയിരുന്നു (15:32).

4. *ആഹാരത്തിന്റെ അളവ് വ്യത്യസ്തമായിരുന്നു*. ആദ്യത്തെ അത്ഭുതം യേശു അഞ്ച് അപ്പവും രണ്ടു മീനും കൊണ്ടായിരുന്നു നടത്തിയത് (യോഹ. 6:9). രണ്ടാമത്തെ അത്ഭുതത്തിന് ഏഴ് അപ്പവും കുറെ മീനും ആയിരുന്നു കണ്ടെത്തിയത് (15:34). കൂടാതെ, എല്ലാവരും തിന്ന ശേഷം ശേഷിച്ച ഭക്ഷണത്തിന്റെ അളവിലും വ്യത്യാസം ഉണ്ടായിരുന്നു. ആദ്യത്തെ അത്ഭുതത്തിൽ ശേഷിച്ചത് പന്ത്രണ്ടു കുട്ടയായിരുന്നു (14:20); എന്നാൽ രണ്ടാമത്തെ അത്ഭുതത്തിൽ ശേഷിച്ചത് ഏഴു വലിയ കുട്ടയായിരുന്നു (15:37).

മത്തായിയും മർക്കൊസും രണ്ട് അത്ഭുതങ്ങളുടേയും ഘടന വിവരിക്കുന്നുണ്ട്. ഒരേ സംഭവം എഴുത്തുകാർ രണ്ടു പ്രാവശ്യം പറഞ്ഞത് എന്തിനാണ്? അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതിനാൽ, ഓരോ അത്ഭുതത്തിന്റേയും സത്യം വ്യക്തമാക്കി.

*നാം എന്തു ചെയ്യണം?* യേശു അയ്യായിരം പേരെ പോഷിപ്പിച്ചതിൽനിന്നു നാം എന്താണ് പഠിക്കുന്നത്? ഇതാ നാല് നല്ല പാഠങ്ങൾ. (1) നമുക്ക് ഉള്ളത് നാം ഉപയോഗിക്കണം. അഞ്ച് അപ്പവും രണ്ടു മീനും ആ പുരുഷാരത്തിന്

ഒന്നുമാവുകയില്ലായിരുന്നു, എന്നാൽ യേശുവിനു ഏറ്റവും ചെറിയതിനെ പോലും വർദ്ധിപ്പിക്കുവാൻ കഴിയും, (2) നമുക്ക് ഉള്ളതിനെ നൽകുവാനുള്ള മനസ് ഉണ്ടായിരിക്കണം. അൽപമായ ആഹാരത്തെ എടുത്ത് വളരെ പുരുഷാരത്തെ പോഷിപ്പിച്ചത് അന്ത്രെയൊസിനെ അത്ഭുതപ്പെടുത്തിയിരിക്കും. ഏതൊരാവശ്യവും ദൈവത്തിന് നിറവേറ്റുവാൻ കഴിയും. നമുക്ക് ഒന്നുമില്ല എന്നു നാം വിചാരിക്കുമ്പോൾ, ദൈവത്തിന് ചില പദ്ധതികളുണ്ടായിരിക്കും! വിശ്വാസത്തിന് അദൃശ്യമായത് കാണുവാൻ കഴിയും. വിശ്വാസത്തിന്, അവിശ്വസനീയമായ വിധത്തിൽ, അസാധ്യമായത് ലഭിക്കും. (3) മനസിലായില്ലെങ്കിലും കർത്താവിന്റെ കൽപനകളെ നാം അനുസരിക്കണം. അഞ്ചു അപ്പവും രണ്ടു മീനും എടുത്ത് വാഴ്ത്തി യേശു പുരുഷാരത്തോട് തറയിൽ ഇരിക്കുവാൻ പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് അത് അസാധാരണമായി തോന്നിയിരിക്കാം. അസാധ്യമെന്ന് തോന്നുന്നത് ദൈവത്തിന് സാധ്യമാണ്. (4) നമ്മുടെ അനുഗ്രഹങ്ങളെ ഒന്നും നാം പാഴാക്കി കളയരുത്. ശേഷിച്ച ആഹാരമെല്ലാം ശേഖരിച്ചു. ഒന്നും എറിഞ്ഞു കളഞ്ഞില്ല. കർത്താവിന് അതു സൂക്ഷിക്കണമെന്ന് തോന്നിയെങ്കിൽ നമുക്കും അങ്ങനെ തോന്നണ്ടേ?

**സാധാരണയുടെ മഹത്വം (14:17)**

സാധാരണ വസ്തുക്കൾ എന്നു നമുക്ക് തോന്നുന്ന സാധനങ്ങൾ കൊണ്ട് ദൈവത്തിന് തന്നെത്തന്നെ മഹത്വപ്പെടുത്തുവാൻ കഴിയും. പുറപ്പാടിൽ, അവൻ മോശെയുടെ കയ്യിലിരുന്ന ഒരു സാധാരണ വടി ഉപയോഗിച്ച് മിസ്രയിമിൽ ബാധകൾ വരുത്തുകയും ചെങ്കടലിനെ ഭാഗിച്ച്, തന്റെ ജനത്തെ മറുകരയെത്തിക്കുകയും ചെയ്തു (പുറ. 4:1–3; 7:17; 8:5, 16; 9:23; 10:13; 14:16). ന്യായാധിപന്മാരുടെ കാലത്ത്, അവൻ സാധാരണ കാഹളങ്ങളും, കുടങ്ങളും, പന്തങ്ങളും യിസ്രായേലിലെ മൂന്നൂറു പേരുടെ കയ്യിൽ കൊടുത്തുകൊണ്ട് ദൈവത്തിനു മിദ്യാന്യരുടെ ഒരു വൻ സൈന്യത്തെ തോൽപിക്കുവാൻ കഴിയുമെന്ന് കാണിച്ചു (ന്യായാ. 7:16, 22).

സുവിശേഷങ്ങളിൽ, ഒരു ബാലന്റെ ഒരു നേരത്തെ ആഹാരം എടുത്ത് വലിയ ഒരു പുരുഷാരത്തെ പോഷിപ്പിച്ചു (14:17; യോഹ. 6:9). ഇന്ന് നമ്മുടെ കയ്യിൽ എന്താണുള്ളത്-അത് സാധാരണ വസ്തുക്കൾ ആയിരിക്കാം-അത് അവന്റെ മഹത്വത്തിനായി ഉപയോഗിക്കാമോ? അവ അവന്റെ നാമ മഹത്വത്തിനായി ഉപയോഗിക്കുവാൻ നാം അനുവദിക്കുമോ? ഡേവിഡ് സ്റ്റുവർട്ട്.

---

കുറിപ്പുകൾ

[1]ജോസെഫസ് *ആന്റികിറ്റിസ്* 18.2.1; *വാഴ്സ്* 2.9.1; 3.10.7; *ലൈഫ്* 72. [2]റോബെർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 142. [3]*ബാരാക്* 29.8. [4]അയ്യായിരം പേരെ പോഷിപ്പിച്ചതിന്റെ മറ്റു പഴയനിയമ സമാനതകളിൽ ദൈവം ഏലിയാവിന് നൽകിയതും (1 രാജാ 17:9–16) നൂറുപേരെ ഏലീശാ പോറ്റിയതും ഉൾപ്പെടുന്നു (2 രാജാ 4:42–44). [5]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 375. [6]ഡഗ്ലസ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ്

പ്രസ്, 1993), 166. [7]മിഷ്നാ *ബെരാബോത്ത്* 6.1. [8]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 596. [9]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 246. [10]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 405; നോക്കുക പ്ലൂടാർക്ക് *മൊറാലിയ* 279 ഇ; 702 ഡി–704 ബി.

[11]ജുവെനൽ *സാറ്റയേഴ്സ്* 3.14; 6.542; നോക്കുക മിഷ്നാ *സോതാഹ്* 2.1. [12]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു ജോൺ,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1971), 345, എൻ. 25.